

# കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ പ്രാധാന്യം

**ഫാ.ജോർജ് ദാനവേലിൽ**

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ സാർവ്വത്രിക സഭ വിശ്വാസവർഷമായി ആചരിക്കുന്നതിനുള്ള കാരണങ്ങളിലൊന്നായി ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ വിശേഷിപ്പിക്കുന്നത് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ട് 2012 ഒക്ടോബർ 11 ന് 20 വർഷം പൂർത്തിയാകുന്നു എന്നതാണ്. ക്രൈസ്തവവിശ്വാസത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് ക്രമവത്കൃതമായ അറിവിൽ എത്തിച്ചേരുന്നതിന് അമൂല്യവും അനുപേക്ഷണീയവുമായ ഒരു ഉപകരണം എന്നാണ് മാർപാപ്പാ മതബോധനഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ സാർവ്വത്രിക സഭക്കായി ഒരു മതബോധനഗ്രന്ഥം എന്ന ആശയം ഉയർന്നുവെങ്കിലും വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സഹായിക്കുന്ന മതബോധന ഡയറക്ടറി പ്രസിദ്ധീകരിച്ചാൽ മതി എന്നു തീരുമാനിച്ചു. ഇതിന്റെ ഫലമായി സാർവ്വത്രികസഭയിലെ മതബോധന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ദീർഘകാലത്തെ പഠനത്തിനും പരിചിന്തനത്തിനും ശേഷം വൈദികർക്കായുള്ള തിരുസംഘം 1971 ൽ 'പൊതുമതബോധന ഡയറക്ടറി' (Generl Catechetical Directory) പ്രസിദ്ധീകരിച്ചു.

കൗൺസിലിനുശേഷം, 1967 ൽ നടന്ന മെത്രാൻമാരുടെ ആദ്യ സിനഡിലും 1977 ലെ മെത്രാൻ സിനഡിലും മതബോധനഗ്രന്ഥം എന്ന ആശയം ഉയർന്നുവെങ്കിലും മെത്രാൻമാരുടെ ഇടയിൽ അഭിപ്രായ ഐക്യം ഉണ്ടായില്ല. എന്നാൽ 1985 ഒക്ടോബറിൽ നടന്ന മെത്രാൻമാരുടെ അസാധാരണസിനഡ് വ്യത്യസ്തമേഖലകളിൽ തയ്യാറാക്കപ്പെടുന്ന മതബോധനഗ്രന്ഥങ്ങൾക്ക് ഒരു സംശോധക സ്രോതസ് എന്ന നിലയിൽ വിശ്വാസത്തെയും സൻമാർഗ്ഗത്തെയും സംബന്ധിച്ച ഒരു മതബോധനഗ്രന്ഥം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. ഇതനുസരിച്ചു ജോൺപോൾ രണ്ടാമൻ മാർപാപ്പ 1986 ജൂലൈ 10 ന് കർദ്ദിനാൾമാരും മെത്രാൻമാരുമടങ്ങുന്ന ഒരു കമ്മീഷനെ വിശ്വാസ തിരുസംഘത്തിന്റെ തലവനായിരുന്ന കർദ്ദിനാൾ ജോസഫ് റാറ്റ് സിംഗറുടെ നേതൃത്ത്വത്തിൽ നിയമിച്ചു. പ്രസ്തുത കമ്മീഷൻ ആറുവർഷം നടത്തിയ പഠനങ്ങളുടെ ചർച്ചകളുടെയും, ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങളുടെയും അഭിപ്രായ ക്രോഡീകരണങ്ങളുടെയും ഫലമായി തയ്യാറാക്കിയ ഗ്രന്ഥം 1992 ഏപ്രിൽ 30 ന് പരിശുദ്ധപിതാവിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 1992 ജൂൺ 25 ന് പരിശുദ്ധപിതാവിന്റെ ഔദ്യോഗികാംഗീകാരം ലഭിക്കുകയും 1992 ഒക്ടോബർ 11 ന് (രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിച്ചതിന്റെ 30-ാം

വാർഷികം) 'വിശ്വാസനിക്ഷേപം' (*ഫീദെയി ദെപ്പോസിത്തും*) എന്ന അപ്പസ്തോലിക അനുശാസനംവഴി മതബോധനഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചു. 1992 ഡിസംബർ 8-ന് ഫ്രഞ്ചുഭാഷയിലുള്ള ഒറിജിനൽ ടെക്സ്റ്റ് പ്രകാശനം ചെയ്യപ്പെട്ടു. 2005 ഡിസംബർ 3-ന് കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയും പ്രസിദ്ധീകരിച്ചു.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശ്വാസത്തിന്റെ മൗലിക ഉള്ളടക്കത്തിന്റെ ക്രമവത്കൃതവും സുസംഘടിതവുമായ സംഗ്രഹം നല്കുന്നു. ഇതു കണ്ടെത്താനും പഠിക്കാനുമുള്ള സംഘടിതശ്രമമാണ് വിശ്വാസവർഷത്തിൽ ഉണ്ടാകേണ്ടതെന്നും ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ ഓർമ്മിപ്പിക്കുന്നു. സഭ സ്വീകരിക്കുകയും സംരക്ഷിക്കുകയും രണ്ടായിരം വർഷത്തെ ചരിത്രത്തിൽ നിർദ്ദേശിക്കുകയും ചെയ്ത പ്രബോധനമാണ് മതബോധനഗ്രന്ഥം നല്കുന്നത്. വിശ്വാസജീവിതത്തിൽ തീർച്ച നല്കുന്നതിനുവേണ്ടി സഭ നൂറ്റാണ്ടുകളിലൂടെ വിശ്വാസത്തെക്കുറിച്ചു ധ്യാനിക്കുകയും സിദ്ധാന്തത്തിൽ പുരോഗതിയുണ്ടാക്കുകയും ചെയ്തതിന്റെ വിവിധരീതികളിലൂടെ സ്ഥിരംരേഖ മതബോധനഗ്രന്ഥം നല്കുന്നുണ്ടെന്നും മാർപാപ്പാ പഠിപ്പിക്കുന്നു (വിശ്വാസത്തിന്റെ വാതിൽ 11). കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം വിശ്വാസത്തിന് യഥാർത്ഥബലം നല്കുന്ന ഒരു ഉപകരണമായിരിക്കുമെന്നു വിശേഷിപ്പിക്കുന്ന മാർപാപ്പാ ഇതിൽ അവതരിപ്പിക്കുക സിദ്ധാന്തമല്ല പിന്നെയോ സഭയിൽ ജീവിക്കുന്ന ഒരു ദിവ്യ ശക്തിയുമായുള്ള കണ്ടുമുട്ടലാണെന്നും കൂട്ടിച്ചേർക്കുന്നു.

വിശ്വാസത്തിന്റെയും കത്തോലിക്കാ പ്രബോധനത്തിന്റെയും പൂർണ്ണവും സമഗ്രവും സത്യസന്ധവും ക്രമീകൃതവുമായ ഒരു അവതരണം എന്നാണ് വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പാ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തെ വിശേഷിപ്പിക്കുക. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വായിക്കുമ്പോൾ ദൈവരഹസ്യത്തിന്റെ ആശ്ചര്യകരമായ ഐക്യം, അവിടുത്തെ രക്ഷാകരപദ്ധതി അതുപോലെ തന്നെ യേശുക്രിസ്തുവിനുള്ള മുഖ്യസ്ഥാനം എന്നിവഗ്രഹിക്കാൻ കഴിയും. പിതാവിനാൽ അയക്കപ്പെട്ട ദൈവത്തിന്റെ ഏകജാതനായ അവിടുന്ന് നമ്മുടെ രക്ഷകനാകാൻവേണ്ടി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരിശുദ്ധകന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യനായി അവതരിച്ചു. മരിച്ച് ഉത്ഥാനം ചെയ്ത അവിടുന്ന് സഭയിൽ വിശിഷ്യ കൂദാശകളിൽ സദാ സന്നിഹിതനാണ്. ക്രൈസ്തവജീവിതത്തിന്റെ മാതൃകയും നമ്മുടെ പ്രാർത്ഥനയുടെ ഗുരുവും അവിടുന്നു തന്നെ ( CCC വിശ്വാസനിക്ഷേപം). വിശുദ്ധലിഖിതം അപ്പസ്തോലികപാരമ്പര്യം സഭയുടെ പ്രബോധനാധികാരം എന്നിവയിൽ അധിഷ്ഠിതമോ ഇവയാൽ പ്രകാശിതമോ ആയ സഭയുടെ വിശ്വാസത്തിന്റെയും കത്തോലിക്കാപ്രബോധനത്തിന്റെയും വ്യക്തമായ പ്രകാശനമാണ് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥമെന്നും ജോൺപോൾ രണ്ടാമൻ മാർപാപ്പാ പ്രഖ്യാപിക്കുന്നു.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ മുഖ്യ ഉറവിടങ്ങൾ വിശുദ്ധ ഗ്രന്ഥം, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ, വിശുദ്ധരുടെ ജീവചരിത്രങ്ങളും അവരുടെ പ്രബോധനങ്ങളും, ആരാധനക്രമപരമായ പ്രബോധനങ്ങൾ, കൗൺസിലിന്റെ പ്രമാണ രേഖകൾ, മാർപാപ്പമാരുടെ പ്രബോധനങ്ങൾ എന്നിവയാണ്. വിവിധ രാജ്യങ്ങളിൽ രചിക്കപ്പെടുന്ന മതബോധനഗ്രന്ഥങ്ങൾക്കും സഹഗ്രന്ഥങ്ങൾക്കുമുള്ള സംശോധക സ്രോതസ്സായിട്ടാണ് ഇത് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

മതബോധനത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്നവരെ പ്രഥമമായി ഉദ്ദേശിച്ചുള്ളതാണ് ഈ ഗ്രന്ഥം. ഒന്നാമതായി വിശ്വാസപ്രബോധകരും സഭയുടെ അജപാലകരുമായ മെത്രാൻമാർക്കു ദൈവജനത്തെ പഠിപ്പിക്കാനുള്ള അവരുടെ ഉത്തരവാദിത്വ നിർവ്വഹണത്തിന് ഒരു ഉപകരണമായി ഇത് നൽകപ്പെടുന്നു. മതബോധനഗ്രന്ഥ രചനയിൽ ഏർപ്പെടുന്നവർക്കും വൈദികർക്കും മതാധ്യാപകർക്കും ഇതു ലഭ്യമാകുന്ന ക്രിസ്തീയ വിശ്വാസികൾക്കെല്ലാം ഇതിന്റെ വായന പ്രയോജനപ്പെടും (CCC 12).